# ശ്ലീവാകാലം

## വചന വിചിന്തനം

### ശ്ലീവാകാലം ഏഴാം ഞായർ

**മത്താ 4,12-5,16**

***ഗലീലി എന്ന സ്ഥലം ജോർദാന്റെ മറുകരയിൽ സെബുലൂൺ, നഫ്ത്താലി പ്രദേശങ്ങൾ ഉൾക്കൊള്ളുന്നവയാണ്. ദൈവത്തെ തിരിച്ചറിയാത്തവർ വസിക്കുന്ന ഇടമാണ് വിജാതീയരുടെ ഗലീലി! അന്ധകാരത്തിലും, മരണത്തിന്റെ മേഖലയിലും, നിഴലിലും, വസിച്ചിരുന്ന ഗലീലിക്കാർക്കായി ക്രിസ്തു സമ്മാനിച്ച വചനം:***

“മാനസാന്തരപ്പെടുവിൻ; സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു!”

ക്രിസ്തു പ്രസംഗിച്ച വചനം: “മാനസാന്തരപ്പെടുവിൻ; സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു.” വചനത്തിന്റെ സംക്ഷേപകം: “മാനസാന്തരപ്പെടുവിൻ; സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു.”

ക്രിസ്തു എന്തിന് വേണ്ടി തന്റെ ദൈവത്വം വെടിഞ്ഞ് മനുഷ്യനായി അവതരിച്ചു എന്ന് ചോദിച്ചാൽ അതിന് ഒറ്റ ഉത്തരം മാത്രമെയൊള്ളൂ; “അത് മനുഷ്യനെ തന്റെ പിതാവായ ദൈവത്തിന്റെ സന്ദേശം അറിയിക്കുന്നതിന് വേണ്ടിയാണ്.” ആ സന്ദേശം എന്താണ് എന്ന് ചോദിച്ചാൽ, അത് ഉൾക്കൊള്ളുന്നതാണ് ഇന്നത്തെ വചനഭാഗം; “മാനസാന്തരപ്പെടുവിൽ; സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു!” (മത്താ 4,17). പിതാവായ ദൈവവും പുത്രനായ ദൈവവും പരിശുദ്ധാത്മാവായ ദൈവവും അന്നും ഇന്നും എന്നും ആഗ്രഹിക്കുന്നത് മനുഷ്യന്റെ മാനസാന്തരം മാത്രമാണ്. ഏദൻതോട്ടത്തിൽ മനുഷ്യനോട് കൂടെ ഉലാത്തുന്ന, സഹവസിക്കുന്ന ദൈവം സമ്മാനിക്കുന്ന വലിയ ചിന്ത ദൈവം എന്നും മനുഷ്യനോട് കൂടെ ആയിരിക്കാൻ ആഗ്രഹിക്കുന്നു എന്നതാണ്.

ഈ കൂടെയാകലിന് ക്ഷണിക്കുന്നതിന് വേണ്ടിയാണ് പുത്രനായ ദൈവം മനുഷ്യനായി അവതരിക്കുന്നത്. ഈ കൂടെയാകലിന് ക്ഷണിക്കുമ്പോൾ പുത്രനായ ക്രിസ്തു പറയുന്നത് ഒന്നുമാത്രമാണ്; “മക്കളെ, മാനസാന്തരപ്പെടുവിൽ; സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു!” (മത്താ 4,17). സ്വർഗ്ഗരാജ്യത്ത് ദൈവത്തോടൊന്നാകാൻ മനുഷ്യൻ ചെയ്യേണ്ടത് ഒന്നുമാത്രം; 'തന്റെ പാപങ്ങളെക്കുറിച്ച് അനുതപിക്കുക!'

ക്രിസ്തു കടൽത്തീരത്തേക്കുപോയി ജനക്കൂട്ടത്തെ പഠിപ്പിച്ചു കടന്നു പോയപ്പോൾ ഹൽപൈയുടെ പുത്രനായ ലേവി ചുങ്കസ്ഥലത്ത് ഇരിക്കുന്നതുകണ്ട് അവനോടു പറഞ്ഞു: “എന്നെ അനുഗമിക്കുക.”

ക്രിസ്തുവിന്റെ ക്ഷണം സ്വീകരിച്ച് ലേവി അവനെ അനുഗമിച്ചു. അവരെല്ലാവരും ലേവിയുടെ ഭവനത്തിൽ ഭക്ഷണത്തിനിരിക്കുമ്പോൾ അനേകം ചുങ്കക്കാരും പാപികളും അവന്റെയും ശിഷ്യരുടെയും കൂടെ ഇരിക്കുന്നു. അവൻ പാപികളോടും ചുങ്കക്കാരോടുമൊപ്പം ഭക്ഷണം കഴിക്കുന്നതു കണ്ട് ഫരിസേയരിൽപെട്ട ചില നിയമജ്ഞർ ശിഷ്യൻമാരോടു ചോദിച്ചു:

“അവൻ ചുങ്കക്കാരുടെയും പാപികളുടെയും കൂടെ ഭക്ഷിക്കുന്നതെന്ത്?”

ഫരിസേയരുടെയും നിയമജ്ഞരുടെയും ചോദ്യങ്ങൾക്ക് ക്രിസ്തുവാണ് മറുപടി പറയുന്നത്;

“ആരോഗ്യമുള്ളവർക്കല്ല, രോഗികൾക്കാണു വൈദ്യനെക്കൊണ്ട് ആവശ്യം. നീതിമാൻമാരെയല്ല, പാപികളെ വിളിക്കാനാണു ഞാൻ വന്നത്” (മർക്കോ 2,13-17).

ക്രിസ്തു വന്നത് രോഗികളെയും പാപികളെയും തേടിയാണ്. അതുകൊണ്ടുതന്നെ അവനെ കേട്ടിരുന്നവരും ഇത്തരണത്തിലുള്ള വ്യക്തികളായിരുന്നു അതുകൊണ്ടാണ് അവനെ കേൾക്കാൻ വന്നിരുന്നവരുടെ അടുത്ത് അവൻ പറഞ്ഞത്; “മാനസാന്തരപ്പെടുവിൽ; സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു!” (മത്താ 4,17). എങ്കിൽ, ഒന്നുറപ്പാണ്, ‘‘സ്വർഗ്ഗം സ്വന്തമാക്കാനുള്ള അടിസ്ഥാനപരമായ യോഗ്യത എന്നുപറയുന്നത് തിന്മ പ്രവർത്തിക്കാതിരിക്കുക എന്നതിനോടൊപ്പംതന്നെ ചെയ്തുപോയ തിന്മകളെയോർത്ത് അനുതപിക്കുക’’ എന്നകൂടെയാണ്. ക്രിസ്തുവിനോടൊപ്പം ഇടവും വലവും തറച്ച കള്ളൻമാരിൽ വലതുവശത്ത് കിടന്ന കള്ളനെ നല്ല കള്ളൻ എന്ന് വിളിക്കുന്നതിനും അവന് പറുദീസ സമ്മാനിക്കുന്നതിനുമുള്ള കാരണവും ഇത് തന്നെയാണ്; “സ്വർഗ്ഗം സമീപിച്ചിരിക്കുന്നു എന്ന തിരിച്ചറിവോടെ തന്റെ പാപങ്ങളെക്കുറിച്ച് അവൻ അനുതപിച്ചു!”

‘‘ഏതാ സാധനം വേണ്ടത്?’’ ബീവറേജിന്റെ ക്യൂവിൽ നിന്നും അവൻ കൂട്ടുക്കാരനോട് ഫോൺ ചെയ്തു ചോദിച്ചു. ജോലിക്ക് കയറിയിട്ട് കിട്ടിയ ആദ്യശമ്പളമാണ്. കൂട്ടുക്കാർ ചെലവു വേണമെന്ന് പറഞ്ഞപ്പോൾ 2 ഫുള്ളും കുറച്ചു ചിക്കനും വാങ്ങി പാർട്ടി ഉണ്ടാക്കാം എന്ന് വച്ചു. ബാർ അടച്ചത് കാരണം നീണ്ട ക്യൂവാണ്. പെട്ടന്നാണ് അവൻ ആ കാഴ്ച കണ്ടത്; ആറേഴു വയസ്സ് മാത്രം പ്രായമുള്ള ഒരു ബാലനെ രണ്ടു മൂന്നു പേര് ചേർന്ന് ക്രൂരമായി മർദ്ധിക്കുന്നു. കൂടുതൽ നേരം അവനു ആ കാഴ്ച കണ്ടു നില്ക്കാൻ കഴിഞ്ഞില്ല. അവൻ വരിയിൽ നിന്നിറങ്ങി അവിടേക്ക് ചെന്ന് അവരോടു ചോദിച്ചു;

“എന്താ ചേട്ടാ പ്രശ്നം?”

“ഈ നായിന്റെ മോൻ കടയിൽ നിന്നും ഭക്ഷണം മോഷ്ടിച്ചു ഓടാൻ നോക്കിയതാ” പറഞ്ഞു തീർന്നതും അയാൾ ആ ബാലന്റെ കരണത് ഒരു തവണ കൂടി ആഞ്ഞടിച്ചു. സഹതാപം തോന്നിയ അവൻ അവരെ തടഞ്ഞു. പൊറോട്ടയുടെ കാശ് അയാൾക്ക് കൊടുത്തട്ട് അവൻ ആ ബാലനെ പിടിച്ചു എഴുന്നേൽപ്പിച്ചു. അപ്പോഴും അവൻ മോഷ്ടിച്ച ആ പൊറോട്ട അവന്റെ നെഞ്ചോടു ചേർത്ത് പിടിച്ചിരുന്നു. കണ്ണീരൊലിപ്പിച്ചു നടുനീങ്ങു ആ ബാലനെ അവൻ പിന്തുടർന്നു. അടച്ചിട്ട ഒരു വർക്ക്ഷോപ്പിന്റെ പിറകിലാണ് ആ യാത്ര അവസാനിച്ചത്. അവിടെ ആ ബാലനെ കാത്ത് അവന്റെ അനിയത്തികുട്ടിയും, വൃദ്ധയായ മുത്തശ്ശിയും ഉണ്ടായിരുന്നു. ആ ബാലൻ നീട്ടിയ പൊറോട്ട രണ്ടു പേരും ആവേശത്തോടെ വലിച്ചു വാരി തിന്നുത് കണ്ടപ്പോൾ ആ ബാലന്റെ ദൈന്യത നിറഞ്ഞ കണ്ണുകൾ നിറയുന്നത് അത്ഭുതത്തോടെയാണ് അവൻ നോക്കിയത്...

ഒത്തിരി വിശപ്പുണ്ടായിട്ടും ഒന്നും കഴിക്കാതെ തന്റെ മുത്തശ്ശിയേയും പെങ്ങളേയും കഴിപ്പിച്ച ആ ബാലന്റെ വലിയ മനസ്സ്. അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. ആവശ്യത്തിൽ കൂടുതൽ കഴിക്കാൻ ഉണ്ടായതുകൊണ്ടും കഴിപ്പിക്കാൻ പിറകെ അച്ചനും അമ്മയും ഉള്ളതുകൊണ്ടും പലപ്പോഴും വിശപ്പിന്റെ വില നാമറിഞ്ഞിട്ടില്ല. ബാക്കി വരുന്ന ഭക്ഷണം നാം മറ്റൊന്നും ചിന്തിക്കാതെ കളഞ്ഞിട്ടെയൊള്ളു...

പക്ഷേ, ഒരു നിമിഷം കുറ്റബോധത്താൽ അവൻ തല താഴ്ത്തി. ആ നിമിഷം, തന്റെ ആദ്യ ശമ്പളം കൂട്ടുകാർക്ക് മദ്യം വാങ്ങിച്ചു കൊടുത്ത് പാർട്ടി നടത്താൻ ഉള്ളതല്ല ന്നവൻ തിരിച്ചറിഞ്ഞു... മദ്യം വാങ്ങാൻ വച്ചിരുന്ന പണം കൊണ്ട് അവൻ ഒരു കുടുംബത്തിന്റെ ഒരു ദിവസത്തെ പട്ടിണി മാറ്റാൻ തീരുമാനിച്ചു...

ഇതിനെയാണ് മാനസാന്തരം എന്ന് പറയുന്നത്. ചെയ്തു കഴിഞ്ഞ, ചെയ്തു കൊണ്ടിരിക്കുന്ന, ചെയ്യാൻ പോകുന്ന തെറ്റുകളെ കുറിച്ച് ബോദ്ധ്യമുണ്ടായിരിക്കുക.

മാനസാന്തരപ്പെടാത്തവരുടെ വലിയ പ്രത്യേകത അവൻ അന്ധകാരത്തിലും മരണത്തിന്റെ നിഴലിലും മേഖലയിലും വസിക്കുന്നു എന്നതാണ്!

അവയെ കുറിച്ച് പശ്ചാതപിക്കുക. പണം അനാവശ്യമായി ധൂർത്തടിക്കുമ്പോൾ, ആഹാരം അനാവശ്യമായി പാഴാക്കുമ്പോൾ ഒരു നിമിഷം ഓർക്കുക, "ഒരു നേരത്തെ ഭക്ഷണത്തിന് വകയില്ലാത്ത ഒരു പാട് പേർ നമ്മുടെ നാട്ടിലുണ്ടെന്ന്..." അവരെ കുറിച്ച് കരുതലുണ്ടായിരിക്കുക. കാരണം, ക്രിസ്തു പറയുന്നു;

"ആരോഗ്യമുള്ളവർക്കല്ല, രോഗികൾക്കാണ് വൈദ്യനെക്കൊണ്ട് ആവശ്യം. ബലിയല്ല, കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത് എന്നതിൻെറ അർഥം നിങ്ങൾ പോയി പഠിക്കുക. ഞാൻ വന്നത് നീതിമാൻമാരെ വിളിക്കാനല്ല പാപികളെ വിളിക്കാനാണ്" (മത്താ 9,12-13).

അവസാനവിധിയിൽ നന്മ ചെയ്തവരെ തന്റെ വലത്തും തിന്മ ചെയ്തവരെ തന്റെ ഇടത്തും ക്രിസ്തു അണിനിരത്തുമ്പോൾ ആ വിധിയുടെ മാനദണ്ഡമായി ക്രിസ്തു പറയുന്നതും ഇത് തന്നെയാണ്;

"എൻെറ ഏറ്റവും എളിയ ഈ സഹോദരൻമാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തു കൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തുതന്നത്" (മത്താ 25,40).

എങ്കിൽ, ക്രിസ്തു നമ്മിൽ നിന്ന് ആഗ്രഹിക്കുന്നത് "മാനസാന്തരം" ഒന്നുമാത്രമാണ്. മനുഷ്യവർഗ്ഗത്തിൽ ഏറ്റവും ചെറിയവൻ പോലും നശിച്ച് പോകാൻ പിതാവായ ദൈവം ആഗ്രഹിക്കുന്നില്ല. ഏറ്റവും ചെറിയവനെ കുറിച്ച് പോലും ഏറ്റവും വലിയ കരുതൽ സൂക്ഷിക്കുന്നവനാണ് പിതാവായ ദൈവം. ഇത് തിരിച്ചറിയണമെങ്കിൽ ക്രിസ്തു പറയുന്ന നൂറ് ആടുകളുടെ ഉപമയിലേയ്ക്ക് ഒന്നെത്തിനോക്കിയാൽ മതി.

*മാനസാന്തരം എന്നത് മനസ്സിന്റെ നന്മയിലേയ്ക്കുള്ള അന്തരമാണ്.*

"ചെറിയവരിൽ ഒരുവൻ പോലും നശിച്ചുപോകാൻ എൻെറ സ്വർഗസ്ഥനായ പിതാവ് ഇഷ്ടപ്പെടുന്നില്ല" എന്ന് സമർത്ഥിക്കാൻ ക്രിസ്തു പറഞ്ഞ ഉപമയാണ് "വഴിതെറ്റിയ ആടിൻെറ ഉപമ." അതിൽ ക്രിസ്തു പറഞ്ഞുവയ്ക്കുകയാണ്;

ഒരു യജമാനന് നൂറ് ആടുകൾ ഉണ്ടായിരിക്കെ, അതിലൊന്ന് വഴിതെറ്റിപ്പോയാൽ തൊണ്ണൂറ്റൊമ്പതിനെയും മലയിൽ വിട്ടിട്ട്, ആ യജമാനൻ വഴിതെറ്റിയതിനെ അന്വേഷിച്ചുപോകയില്ലേ? കണ്ടെത്തിയാൽ അതിനെക്കുറിച്ച്, വഴിതെറ്റിപ്പോകാത്ത തൊണ്ണൂറ്റൊമ്പതിനെക്കുറിച്ച് എന്നതിനെക്കാൾ ആ യജമാനൻ സന്തോഷിക്കുമെന്ന് സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ഇതുപോലെ, ഈ ചെറിയവരിൽ ഒരുവൻ പോലും നശിച്ചുപോകാൻ എൻെറ സ്വർഗസ്ഥനായ പിതാവ് ഇഷ്ടപ്പെടുന്നില്ല.

സ്വർഗസ്ഥനായ പിതാവ് ആഗ്രഹിക്കുന്നത് ഏറ്റവും ചെറിയവന്റെപ്പോലുമുള്ള മാനസാന്തരം മാത്രമാണ്. ഈ മാനസാന്തരത്തിന്റെ സുവിശേഷം തന്നെയാണ് ക്രിസ്തു പ്രഘോഷിച്ചതും പ്രഖ്യാപിച്ചതും. ഇതു തന്നെയാണ് ക്രിസ്തുവിന് വഴിയൊരുക്കാൻ വന്ന സ്നാപകയോഹന്നാനും പ്രസംഗിച്ചതും ജീവിച്ചതും;

**"മാനസാന്തരത്തിനു യോജിച്ച ഫലങ്ങൾ പുറപ്പെടുവിക്കുവിൻ"**

ലൂക്കാ 3,8

---

ഫാ. ജോബി മേനോത്ത്
+91 9447777931